# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 2

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്‌സ്) പരീക്ഷകൾ ഓഗസ്റ്റ് 22ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1467/2019)

## ഉത്തരക്കടലാസ് കൈപ്പറ്റണം

നാലാം സെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷയുടെ മൂല്യനിർണയം ഓഗസ്റ്റ് ആറുമുതൽ എട്ട് മേഖലാ ക്യാമ്പുകളിൽ ആരംഭിക്കും. അധ്യാപകർ ഉത്തരക്കടലാസുകൾ കൈപ്പറ്റുന്നതിനായി രാവിലെ 9.30ന് ക്യാമ്പുകളിൽ എത്തണം. വിശദവിവരം അതത് കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും ലഭിക്കും.

(പി.ആർ.ഒ./39/1468/2019)

## ഇക്കണോമെട്രിക്സ് പഠനം; അധ്യാപകർക്കുള്ള ദേശീയ ശില്പശാല ഓഗസ്റ്റ് അഞ്ചുമുതൽ എം.ജി.യിൽ

ബിരുദ ബിരുദാനന്തര തലത്തിൽ ഇക്കണോമെട്രിക്സ് പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ദേശീയ ശില്പശാല ഓഗസ്റ്റ് അഞ്ചുമുതൽ 11 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. സർവകലാശാലയിലെ സ്‌കൂൾ ഓഫ് മാനേജ്‌മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ സെമിനാർ ഹാളിൽ നടക്കുന്ന ശില്പശാല ഓഗസ്റ്റ് അഞ്ചിന് രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. സോഷ്യൽ സയൻസ് ഫാക്കൽറ്റി ഡീൻ പ്രൊഫ. കെ.എം. സീതി അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി പ്രൊഫ. രാജൻ വർഗീസ് മുഖ്യാതിഥിയാകും. സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, കെ.എൻ.ആർ.സി. ഡയറക്ടർ പ്രൊഫ. ജോണി ജോൺസൺ, ജോയിന്റ് ഡയറക്ടർ ഡോ. മാത്യു കുര്യൻ എന്നിവർ പ്രസംഗിക്കും. ഡോ. ആർ. കാശിലിംഗം, ഡോ. എൻ. വിജയമോഹനൻ പിള്ള, ഡോ. കെ.ടി. തോമാച്ചൻ, ഡോ. പി.കെ. സന്തോഷ്‌കുമാർ എന്നിവർ ക്ലാസെടുക്കും.

(പി.ആർ.ഒ./39/1469/2019)

## ഡോ. ഹസ്‌ലീൻ അനൗറിന് ഡി.എസ്.ടി. ഫെലോഷിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ശാസ്ത്ര ഗവേഷണത്തിന് ഡോ. ഹസ്‌ലീൻ അനൗറിന് കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഫെലോഷിപ്പ്. സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ പ്രൊഫ. സാബു തോമസിന്റെ കീഴിൽ ഗവേഷണത്തിനാണ് ഇന്റർനാഷണൽ മൾട്ടി ലാറ്ററൽ റീജിയണൽ കോ-ഓപ്പറേഷൻ ഡിവിഷൻ ഫെലോഷിപ്പ് അനുവദിച്ചത്. മാസം 50000 രൂപയാണ് ഫെലോഷിപ്പായി ലഭിക്കുക. ആറുമാസമാണ് കാലാവധി. മലേഷ്യയിലെ

ഇന്റർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ മാനുഫാക്ചറിംഗ് ആന്റ് മെറ്റീരിയൽസ് എൻജിനീയറിംഗ് പഠനവകുപ്പിൽ അസോസിയേറ്റ് പ്രൊഫസറാണ് ഡോ. ഹസ്ലീൻ.

## ഫോട്ടോ ക്യാപ്ഷൻ

**ഡോ. ഹസ്ലീൻ അനൗർ**

(പി.ആർ.ഒ./39/1470/2019)

## എം.ജി.യിൽ ത്രിദിന ആർ.സി.ഐ. രാജ്യാന്തര കോൺഫറൻസ് ഓഗസ്റ്റ് 12 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്പെഷൽ ടീച്ചേഴ്സിനും റിഹാബിലിറ്റേഷൻ പ്രൊഫഷണൽസിനും വേണ്ടി ത്രിദിന ആർ.സി.ഐ. രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 12, 13, 14 തീയതികളിൽ 'റിസർച്ച് ബേസ്ഡ് പ്രാക്ടീസസ് ഫോർ മാനേജിംഗ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സ്' എന്ന വിഷയത്തിലാണ് കോൺഫറൻസ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡയറക്ടർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം എന്ന വിലാസത്തിൽ ബന്ധപ്പെടണം. വിശദവിവരത്തിന് ഫോൺ: 0481-2731580. ഇമെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ./39/1471/2019)

## സിൻഡിക്കേറ്റ് യോഗം ഓഗസ്റ്റ് 17ന്

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം ഓഗസ്റ്റ് 17ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/1472/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ